8. പീച്ചി-വാഴാനി വന്യമൃഗസങ്കേതം
9. പേപ്പാറ വന്യമൃഗസങ്കേതം
10. ശെന്തുരുണി വന്യമൃഗസങ്കേതം
11. ചിമ്മിനി വന്യമൃഗസങ്കേതം
12. ആറളം വന്യമൃഗസങ്കേതം
13. ചിന്നാർ വന്യമൃഗസങ്കേതം
14. തട്ടേക്കാട് പക്ഷിസങ്കേതം

(സി) 100% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി

1. പ്രോജക്റ്റ് എലിഫെന്റ്
2. പ്രോജക്റ്റ് ടൈഗർ
3. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്
4. നീലഗിരി ബയോസ്ഫിയർ റിസർവ്

പാലക്കാട് റെയിൽവേ ഡിവിഷന്റെ കീഴിലുള്ള സ്റ്റേഷനുകൾ

118 [2529] ശ്രീമതി രാധാരാഘവൻ :
,, മേഴ്സി രവി :
ശ്രീ. ഇ. എം. അഗസ്തി :
,, ടി. വി. ചന്ദ്രമോഹൻ :
,, കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേലം റെയിൽവേ ഡിവിഷൻ ആരംഭിക്കുന്നതോടുകൂടി പാലക്കാട് റെയിൽവേ ഡിവിഷനിൽ ഉൾക്കൊള്ളുന്ന ഏതെല്ലാം സ്റ്റേഷനുകളാണ് സേലം ഡിവിഷനിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) മംഗലാപുരം, ഉള്ളാൽ, നേത്രാവതി, പനമ്പൂർ (തുറമുഖം) എന്നീ സ്റ്റേഷനുകൾ സൗത്ത്, വെസ്റ്റേൺ സോണിൽപ്പെടുത്തുന്നുണ്ടോ;

(സി) സേലം ഡിവിഷൻ രൂപീകരിച്ച്, പാലക്കാട് ഡിവിഷന്റെ കീഴിലുള്ള തമിഴ്നാട്ടിലെ ഭാഗങ്ങൾ സേലം ഡിവിഷനോടും മംഗലാപുരം, ഉള്ളാൽ, നേത്രാവതി, പനമ്പൂർ (തുറമുഖം) എന്നിവ സൗത്ത് വെസ്റ്റേൺ സോണിനോടും ചേർക്കുന്നതോടുകൂടി പാലക്കാട് ഡിവിഷന്റെ പ്രാധാന്യം കുറയുവാനിടയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇപ്പോൾ പാലക്കാട് ഡിവിഷന്റെ കീഴിലുള്ള റെയിൽവേ സ്റ്റേഷനുകളെ സൗത്ത് വെസ്റ്റേൺ സോണിൽപ്പെടുത്താനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) സേലം റെയിൽവേ ഡിവിഷൻ രൂപീകരണം സംബന്ധിച്ച് വിവരങ്ങൾ ഒന്നും തന്നെ റെയിൽവേ അധികൃതർക്ക് ലഭിച്ചിട്ടില്ല.

(ബി) ഈ സ്റ്റേഷനുകൾ സൗത്ത് വെസ്റ്റേൺ സോണിൽപ്പെടുത്തുന്ന കാര്യം റെയിൽവേ അധികൃതർക്ക് ലഭ്യമായിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ജലസ്രോതസ്സുകളിലെ മലിനീകരണം തടഞ്ഞ് കുടിവെള്ളം നൽകാൻ നടപടി

119 [2533] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള ജലസ്രോതസ്സുകളിലെ മലിനീകരണം തടയാനും, കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വെള്ളം ലഭിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ജല അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ജലസ്രോതസ്സുകളിലെ മലിനീകരണം തടയാനുള്ള പദ്ധതികൾ ജല അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. പൊതു സ്രോതസ്സുകളുടെ മേൽ ജല അതോറിറ്റിക്ക് നിയന്ത്രണമൊന്നുമില്ല. ഇവയിലെ മലിനീകരണം തടയുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടേയും, മലിനീകരണ നിയന്ത്രണ ബോർഡിന്റെയും പൊതുജനങ്ങളുടേയും സഹകരണം ആവശ്യമാണ്.

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതിയിലെ ജല ലഭ്യതയനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടി ശുദ്ധജലം എത്തിക്കുന്നു. കൂടാതെ അഡീഷണൽ ഷിഫ്റ്റ് പമ്പിംഗ്, വാൽവ് നിയന്ത്രണം എന്നിവ വഴിയും കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ ശ്രമം നടത്തുന്നുണ്ട്.

ചെക്ക് ഡാം നിർമ്മാണം

120 [2541] ശ്രീ. എം. എം. ഹസ്സൻ:
,, എൻ. ഡി. അപ്പച്ചൻ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ കോട്ടവാസൽ വനാതിർത്തിയിൽ തമിഴ്നാട് ചെക്ക് ഡാം നിർമ്മിക്കുന്നുണ്ടോ; പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly